റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾ

166 (1582) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലയിടിവുമൂലം റബ്ബർ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിലത്തകർച്ച നിയന്ത്രിക്കാൻ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) റബ്ബറിന് താങ്ങുവില നൽകി എത്ര ടൺ റബ്ബറാണ് സർക്കാർ സംഭരിച്ചത്; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത് ;

(സി) ഓരോ ഏജൻസിയും സംഭരണ തീയതി മുതൽ ഇന്നുവരെ എത്ര റബ്ബറാണ് സംഭരിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; എത്ര രൂപയാണ് ഒരു കിലോയ്ക്ക് താങ്ങുവിലയായി ഈ ഏജൻസികൾക്ക് നൽകിയിട്ടുള്ളത് ;

(ഡി) റബ്ബർ സംഭരണം ഇടയ്ക്കുവച്ച് നിർത്തിയിരുന്നോ ; നിർത്താനുണ്ടായ സാഹചര്യം എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ; ഇത് എന്നാണ് വീണ്ടും പുനരാരംഭിച്ചത് ; പുനരാരംഭിച്ചില്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി അവരുടെ എല്ലാത്തരം ബാങ്ക് വായ്പകൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 56/2014/കൃഷി, തീയതി 25-2-2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികൾ എന്നീ ഏജൻസികൾ മുഖേനെയാണ് സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ ലക്ഷ്യമിട്ട 10000 ടൺ റബ്ബർ സംഭരിക്കുന്നതിന് സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യ ചെലവ് അനുവദിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ സാമ്പത്തിക ബാധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബറിന്റെ വിപണിവില കിലോഗ്രാമിന് 171 രൂപയാകുന്നതുവരെ സംഭരണം തുടരുന്നതാണ്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ. (എംഎസ്.)നമ്പർ 232/2014/കൃഷി, തീയതി 13-10-2014 പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽനിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ. (എംഎസ്.) നമ്പർ 254/2014/കൃഷി, തീയതി 6-11-2014 പ്രകാരം കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബർ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ. (എംഎസ്.) നമ്പർ 176/2014/കൃഷി, തീയതി 16-8-2014 പ്രകാരം 10 കോടി രൂപ വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം അധികമായി അനുവദിച്ചതിൽനിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനും അനുവദിച്ചു നൽകുകയും റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ 11-3-2015-ലെ സ.ഉ (എംഎസ്.) നമ്പർ 41/2015/കൃഷി ഉത്തരവ് പ്രകാരം 2 കോടി രൂപ റബ്ബർ മാർക്കിനും മാർക്കറ്റ് ഫെഡിനും അനുവദിച്ചിട്ടുണ്ട്.

(ബി) റബ്ബർ മാർക്ക് 804.99 ടൺ റബ്ബറും മാർക്കറ്റ് ഫെഡ് 422.332 ടൺ റബ്ബറും സംഭരിച്ചിട്ടുണ്ട്. റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികൾ എന്നീ ഏജൻസികൾ മുഖേനെയാണ് സംഭരണം നടത്തുന്നത്.

1024/2018

(സി) റബ്ബർ മാർക്ക് 91383018.3 രൂപയുടെ 714.7038 ടൺ ആർ.എസ്.എസ്. 4 ഗ്രേഡ് റബ്ബറും 10690882.35 രൂപയുടെ 90.2961 ടൺ ആർ.എസ്.എസ്. 5 ഗ്രേഡ് റബ്ബറും സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡ് ഇതുവരെ ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള യഥാക്രമം 419.677 ടണ്ണും 2.655 ടൺ റബ്ബറും സംഭരിച്ചിട്ടുണ്ട്.

(ഡി) 2014 മാർച്ച് 3-ന് ആരംഭിച്ച സംഭരണം റബ്ബർ വാങ്ങുന്നതിനുള്ള ഫണ്ടിന്റെ അഭാവംമൂലം 31-3-2014-ൽ നിർത്തിവച്ചിരുന്നു. സർക്കാർ ഫണ്ട് ലഭ്യമാക്കിയതിനാൽ 2014 സെപ്റ്റംബർ മാസം പുനരാരംഭിച്ചു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

റബ്ബർ പ്രതിസന്ധി

167 (1583) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) റബ്ബർ പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യങ്ങളെല്ലാംതന്നെ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

റബ്ബർ സംഭരണം

168 (1584) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് തടയുവാൻ റബ്ബർ സംഭരണം നടത്തുന്നുണ്ടോ ;

(ബി) എത്ര വിലയ്ക്കാണ് ഇപ്പോൾ റബ്ബർ സംഭരിക്കുന്നതെന്നും ഇതിനകം എത്ര ടൺ സംഭരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) സംഭരണംകൊണ്ട് കർഷകർക്ക് ന്യായവില കിട്ടുന്നുണ്ടോ ; ഇല്ലെങ്കിൽ ന്യായവില ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly